File No.LBRD-F1/77/2017-LBRD

D3 30/11/18

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവീസസ് - അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ അനധികൃത ഹാജരില്ലായ്മ - ഡോ.മേരി ജാകിലിൻ സേവ്യറിനെതിരായ അച്ചടക്ക നടപടി പൂർത്തീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

**G.O.(Rt)No.1359/2018/LBR** തീയതി,തിരുവനന്തപുരം, 27/11/2018

പരാമർശം:- 1) ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 08.05.2014 ലെ ഡി3-7798/2013/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്.

2) ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 18.06.2014, 26.10.2015, 13.11.2015 എന്നീ തീയതികളിലെ ഡി3-7798/2014/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ

3) 21.07.2014 ലെ 15156/എഫ്1/14/തൊഴിൽ നമ്പർ കുറ്റപത്രം.

4) സ.ഉ (സാധാ) നം.514/2015/തൊഴിൽ, തീയതി 17.04.2015.

5) ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന്റെ ഡയറക്ടർ 13.11.2015 ലെ ഡി3-7798/2014/ഡി.ഐ.എം.എസ് പ്രകാരം സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്.

6) 28.01.2016 ലെ 15156/എഫ്1/14/തൊഴിൽ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

7) കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 22.09.2018 ലെ A1 (1) 50005/2018-KPSC നമ്പർ കത്ത്

ഉത്തരവ്

കൊല്ലം കിളികൊല്ലൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ.മേരി ജാകിലിൻ സേവ്യർ 06.06.2013 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിനെ തുടർന്ന് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ ടി വ്യക്തിയെ പരാമർശം 1 ഉത്തരവ് പ്രകാരം സർവീസിൽ നിന്ന് സസ്പെന്റ് ചെയ്തിരുന്നു. തുടർന്ന് സർക്കാരിൽ നിന്നും 1960 ലെ കെ.സി.എസ് (സി.സി&എ) റൂൾസ് പ്രകാരം ടി വ്യക്തിക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ച് പരാമർശം 3 പ്രകാരം കുറ്റപത്രം നൽകുകയുണ്ടായി. കുറ്റപത്രം ടി വ്യക്തി കൈപ്പറ്റാതെ തിരികെ ലഭിച്ചതിനെ തുടർന്ന് 06.11.2014 ന് വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖാന്തിരം പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ ഡോ.മേരി ജാകിലിൻ സേവ്യർ കുറ്റപത്രത്തിന് എതിർവാദ പത്രിക സമർപ്പിച്ചിരുന്നില്ല. ടി സാഹചര്യത്തിൽ 1960 ലെ കെ.സി.എസ് (സി.സി&എ) റൂൾസ് റൂൾ 15 പ്രകാരം അന്വേഷണം നടത്തുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന്റെ ദക്ഷിണമേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ഡോ.ആർ.അജിതാനായരെ അന്വേഷണോദ്യോഗസ്ഥയായി നിയമിച്ച് പരാമർശം 4 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) അന്വേഷണ ഉദ്യോഗസ്ഥ പരാമർശം 5 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 30.07.2015 ന് നിശ്ചയിച്ച അന്വേഷണത്തിൽ ഹാജരാകാൻ ഡോ.മേരി ജാകിലിൻ സേവ്യറിന് കിളികൊല്ലൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ മുഖേന രജിസ്റ്റേർഡ് തപാൽ മാർഗം നോട്ടീസ് നൽകിയിരുന്നു. എന്നാൽ ടിയാൾ അന്വേഷണത്തിൽ ഹാജരായില്ല. ടിയാൾക്ക് അയച്ച നോട്ടീസ് കൈപ്പറ്റാതെ 12.08.2015 ന കിളികൊല്ലൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ തിരികെ ലഭിക്കുകയുണ്ടായി. അന്വേഷണത്തിൽ ഹാജരാകാനുള്ള നോട്ടീസ് കൈപ്പറ്റുകയോ അന്വേഷണത്തിൽ ഹാജരാകുകയോ ചെയ്യാത്ത സാഹചര്യത്തിൽ ടിയാൾക്കെതിരായ കുറ്റങ്ങൾ തെളിഞ്ഞതായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അന്വേഷണ ഉദ്യോഗസ്ഥ ശുപാർശ ചെയ്തിരുന്നു

അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ.മേരി ജാകിലിൻ സേവ്യറെ ടിയാൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 06.06.2013 തീയതി പ്രാബല്യത്തിൽ സർവീസിൽ നിന്നും നീക്കംചെയ്യാൻ താത്കാലിക തീരുമാനമെടുത്ത് പരാമർശം 6 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് രജിസ്ടേർഡ് പോസ്റ്റിൽ ടിയാളുടെ അഡ്രസിലേക്ക് അയച്ചിരുന്നു. എന്നാൽ ടി കാരണം കാണിക്കൽ നോട്ടീസോ ടിയാൾ ആയത് കൈപ്പറ്റിയതായുള്ള അക്നോളഡ്ജ്മെന്റ് കാർഡോ വകുപ്പിൽ ലഭിച്ചിരുന്നില്ല. ഇതിനെ തുടർന്ന് കാരണം കാണിക്കൽ നോട്ടീസ് ഇൻഫർമേഷൻസ് & പബ്ലിക്ക് റിലേഷൻസ് വകുപ്പ് മുഖേന പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ടിയാൾ കാരണം കാണിക്കൽ നോട്ടീസിന് മറുപടി സമർപ്പിച്ചിട്ടില്ല.

3) മേൽ സാഹചര്യത്തിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ.മേരി ജാകിലിൻ സേവ്യറെ ടിയാൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 06.06.2013 തീയതി പ്രാബല്യത്തിൽ സർവീസിൽ നിന്നും നീക്കംചെയ്യാൻ സർക്കാർ കൈക്കൊണ്ട താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിന്മേൽ കേരള പബ്ലിക്ക് സർവീസ് കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരുന്നു. ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച ബഹു.കമ്മീഷൻ പരാമർശം 7 പ്രകാരം സർക്കാരിന്റെ താത്കാലിക തീരുമാനത്തോട് യോജിക്കുകയും സർക്കാരിനെ അപ്രകാരം ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം പരിശോധിച്ചു. അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും വകുപ്പ് മേധാവിയുടെയും സർക്കാരിന്റെയും ഉത്തരവുകളോട് പ്രതികരിക്കാതിരിക്കുകയും ചെയ്ത ഡോ.മേരി ജാകിലിൻ സേവ്യറുടെ പ്രവൃത്തി ഗുരുതരമായ അച്ചടക്ക ലംഘനവും സർക്കാർ സംവിധാനങ്ങളോടുള്ള കടുത്ത അനാദരവും ആണ്. ടി സാഹചര്യത്തിൽ

File No.LBRD-F1/77/2017-LBRD

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ.മേരി ജാകിലിൻ സേവ്യറിനെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(1)(vii) പ്രകാരം ടി വ്യക്തി അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 06.06.2013 തീയതി പ്രാബല്യത്തിൽ സർവീസിൽ നിന്നും നീക്കം ചെയ്യുവാൻ സർക്കാർ കൈക്കൊണ്ട താല്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ടി വ്യക്തിക്കെതിരായ അച്ചടക്ക നടപടി പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**DR.ASHA THOMAS IAS**
**ADDITIONAL CHIEF SECRETARY**

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്,തിരുവനന്തപുരം

ഡോ.മേരി ജാകിലിൻ സേവ്യർ, അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി,കേരള പബ്ലിക് സർവീസ് കമ്മീഷൻ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വെബ് & ന്യൂ മീഡിയ വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

PTO-

രജിസ്റ്റേർഡ് വിത്ത് എ/ഡി.

മേലെഴുത്ത് നം.ഡി3-7798/2014/ഡി.ഐ.എം.എസ് തീയതി -20-12-2018

ഡോ.മേരിജാകിലിൻ സേവ്യറിനെതിരായ അച്ചടക്കനടപടി പൂർത്തികരിച്ചുകൊണ്ടുള്ള ഉത്തരവ് അറിവിലേക്കായി നൽകുന്നു.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്കു വേണ്ടി.

സ്വീകർത്താവ്

ഡോ.മേരിജാകിലിൻ സേവ്യർ,
CRA 108.A(TC.7/c-651) വില്ലാജിൻസ് ,പോങ്ങുംമൂട്,
മെഡിക്കൽ കോളേജ്.പി.ഒ,
തിരുവനന്തപുരം.

പകർപ്പ്

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണ മേഖല, കൊല്ലം.
2. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ. ഡിസ്പെൻസറി, കിളികൊല്ലൂർ.
3. ഇ1 സെക്ഷൻ.
4. ഫയൽ.
5. സ്റ്റോക്ക് ഫയൽ.

എസ്.എസ്/